"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ കാലടി ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീ.ബേസിൽ ഏലിയാസ്:ിന് അനുവദിച്ച ശൂന്യവേതനാവധിയുടെ വിനിയോഗിക്കാത്ത ഭാഗം റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1925/2021/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 05/10/2021

---

പരാമർശം:-
1. സ.ഉ(സാധാ) നം. 2011/2017/ തസ്വഭവ, തീയതി. 17.06.2017
2. ശ്രീ.ബേസിൽ ഏലിയാസ്:ിന്റെ 14.03.2021ൽ സമർപ്പിച്ച അപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 10.08.2021 ലെ ഇ6-9011/21 നമ്പർ കത്ത്.

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ കാലടി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.ബേസിൽ ഏലിയാസ് മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായി ജോലി നോക്കി വരവേ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച്, മൊഹാലിയിൽ പി എച്ച് ഡി പൂർത്തിയാക്കുന്നതിനായി 23.07.2016 മുതൽ 22.07.2021 വരെ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ, ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിക്കുകയും അവധിക്കാലയളവ് തീരുന്നതിന് മുമ്പ് 20.03.2021ൽ കാലടി ഗ്രാമപഞ്ചായത്തിൽ ടിയാൻ ജോലിയിൽ പുന:പ്രവേശിക്കുകയും ചെയ്തു. ആയതിനാൽ ടിയാന് അനുവദിച്ച ശൂന്യവേതനാവധിക്കാലയളവിൽ ടിയാൻ വിനിയോഗിക്കാത്ത 20.03.2021 മുതൽ 22.07.2021 വരെയുള്ള ശൂന്യവേതനാവധി കാലയളവ് റദ്ദ് ചെയ്യുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2 . സർക്കാർ ഇക്കാര്യം പരിശോധിച്ച് എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ കാലടി ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീ.ബേസിൽ ഏലിയാസിന് 23.07.2016 മുതൽ 22.07.2021 വരെ പരാമർശം (1) ഉത്തരവ് പ്രകാരം

# File No.LSGD-EPA1/161/2021-LSGD

അനുവദിച്ച ശൂന്യവേതനാവധിയിൽ ഉപയുക്തമാക്കാത്ത 20.03.2021 മുതൽ 22.07.2021 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, മലയാറ്റൂർ എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, കാലടി ഗ്രാമപഞ്ചായത്ത്, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ.ബേസിൽ ഏലിയാസ്, ക്ലാർക്ക്, കാലടി ഗ്രാമപഞ്ചായത്ത്, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(161/ഇപിഎ1/21/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Danujelll

സെക്ഷൻ ഓഫീസർ